## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6363** **10-07-2024 - ൽ മറുപടിയ്ക്ക്**

## കൊല്ലം ജില്ലയിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ കായലോര,ഉൾനാടൻ പ്രദേശങ്ങളിലെ തൊഴിലാളികൾക്കും മലയോര മേഖലയിലെ മത്സ്യ കച്ചവടകാർക്കും മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസുകളിൽ നേരിട്ട് വരാതെയും തൊഴിലിന് തടസം വരാതെയും ഓൺലൈൻ ആയും ഗൂഗിൾ പേ സംവിധാനം ഉപയോഗിച്ചും സൗകര്യം പൂർവ്വം ഏത് സമയത്തും ക്ഷേമനിധി വിഹിതം അടയ്ക്കുവാൻ ക്ഷേമനിധി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ബാങ്ക് അക്കൗണ്ട് ഇടപാടുകൾ ഡിജിറ്റൽ ബാങ്കിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സംവിധാനം നിലവിൽ വരുമ്പോൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കേരളത്തിലെ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും മത്സ്യബോർഡിന്റെ ഓഫീസുകളിൽ വരാതെയും, തൊഴിലിന് തടസ്സം വരാതെയും, ഓൺലൈനായും ഗൂഗിൾ പേ സംവിധാനത്തിലൂടെയും തൊഴിലാളികളുടെ സൗകര്യാർത്ഥം ക്ഷേമനിധി വിഹിതം അടക്കുവാൻ സാധിക്കുന്ന സാഹചര്യമുണ്ടാകും. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നൽകുന്ന സാക്ഷ്യപത്രം തൊഴിൽ നഷ്ടം വരാത്തവിധത്തിലും തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കി സമയബന്ധിതമായിലഭിക്കുന്നതിനുമായി പ്രസ്തുത സാക്ഷ്യപത്രത്തിനുള്ള അപേക്ഷ ഓൺലൈൻ സംവിധാനം മുഖേന സ്വീകരിക്കുന്നതിനും ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി സാക്ഷ്യപത്രം അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ; | (ബി) | മത്സ്യബോർഡ് നടപ്പിലാക്കുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഗൂഗിൾ പേ, നെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങളിലൂടെ ക്ഷേമനിധി ബോർഡ് വിഹിതം അടക്കുന്നതിനും ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ഈ വർഷം തന്നെ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകാമോ; വ്യക്തമാക്കാമോ; | (സി) | ഒരു വർഷത്തിനുള്ളിൽ മത്സ്യ ബോർഡിന്റെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫിസുകളിൽ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന | (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസുകൾ കൂടുതൽ തൊഴിലാളി |

| | | | |
|---|---|---|---|
| | ബുദ്ധിമുട്ടുകൾ സംബന്ധിച്ച് തൊഴിലാളികൾക്കിടയിൽ അഭിപ്രായ സർവേ നടത്തുന്നതിനും സർവ്വേയുടെ അടിസ്ഥാനത്തിൽ ബുദ്ധിമുട്ടുകൾ പരിഹരിച്ച് പ്രസ്തുത ഓഫിസുകൾ തൊഴിലാളിസൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) | മത്സ്യത്തൊഴിലാളിയുടെ വിവാഹിതരായ പെൺമക്കൾക്ക് മത്സ്യത്തൊഴിലാളി സാക്ഷ്യപത്രം നൽകുന്നതിന് തടസം ഉണ്ടെന്ന് പരാമർശിക്കുന്ന ഉത്തരവുകളോ, സർക്കുലറുകളോ നിലവിലുണ്ടോ; വിശദമാക്കാമോ? | (ഇ) | ഇല്ല. എന്നാൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച് ജി.ഒ.(എം.എസ്) നം. 47/2014/മ.തു.വ. തീയതി 09.06.2014 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായ പരാമർശമില്ല. ആയതിനാൽ ടി ഉത്തരവിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ച് വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, വരുമാന പരിധി അടിസ്ഥാനമാക്കി മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ